Mar Thoma Residential School, Tiruvalla

Annual Examination - 2019

Std-IX

# Malayalam

Time: 3 hrs
Marks: 80

## Section A

**Question: 1**

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുത്ത് ഏകദേശം 250 വാക്കിൽ ഒരു ഉപന്യാസം മലയാളത്തിൽ എഴുതുക [15]

(i) കമ്പ്യൂട്ടർ മനുഷ്യജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ.

(ii) ജലം അമൂല്യമാണ്; ജലത്തിന്റെ മഹത്വത്തെപ്പറ്റി വിവരിക്കുക?

(iii) "നല്ല ഭക്ഷണം, നല്ല ആരോഗ്യം" — നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

(iv) ആധുനിക വിനോദോപാധികൾ വ്യക്തികളെ വീടിനുള്ളിൽ തളച്ചിടുന്നു — നിങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കുക?

(v) 'ഒത്തു പിടിച്ചാൽ മലയും പോരും' എന്ന ചൊല്ലിനെ ആസ്പദമാക്കി ഒരു സ്വതന്ത്രകഥയെഴുതുക.

**Question 2**

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുത്ത് ഏകദേശം 120 വാക്കുകളിൽ ഒരു കത്തെഴുതുക. [7]

നിങ്ങളുടെ ഗ്രാമത്തിൽ ഒരാശുപത്രി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ആരോഗ്യവകുപ്പുമന്ത്രിക്ക് ഒരു കത്തെഴുതുക.

അല്ലെങ്കിൽ

നിങ്ങളുടെ സ്കൂളിൽ നടന്ന ഒരു ആഘോഷ...
കുറിച്ചു വിവരിച്ചുകൊണ്ട് നിങ്ങളുടെ സുഹൃ...
ഒരു കത്തെഴുതുക.

Question 3:-

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതി... ശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാ... ഉത്തരമെഴുതുക ?

'കേരളം ദൈവത്തിന്റെ സ്വന്തം നാ... എത്ര ആകർഷകമാണ് ഈ മുദ്രാവാക്യം. ഈ വാ... തെളിയുന്ന ചിത്രമെന്താണ്? വിശുദ്ധിയുടെയും നൈ... ത്തിന്റെയും ഒരു ചിത്രം. വിശ്വാസത്തിന്റെയും സ്നേ... ന്റെയും മറ്റൊരു ചിത്രം. ഭയപ്പെടുത്തലുകളില്ലാ... സൗമ്യതയുടെ ചിത്രം. അതി മനോഹരമാണ് ഈ മു... കേരളത്തിലെ വിനോദസഞ്ചാര വകുപ്പ് അന്യ... ളിലെ ആളുകളെ ഇവിടേയ്ക്കാകർഷിക്കാൻ പു... റക്കിയിരിക്കുന്ന വിശുദ്ധ പത്രമാണിത്. എന്നാൽ ... സഞ്ചാരിയ്ക്ക് ഇത് ഒരയടിക്കു വിഴുങ്ങാൻ കഴിയു...

കേരളം ഒരു ഉപഭോക്തൃസംസ്കാ... പുലർത്തുന്ന നാടാണ്. വീടിന്റെ പുറംമുഖം ന... ഭംഗിയായി അലങ്കരിക്കും. പിന്നാമ്പുറമോ അടുക്ക... ശ്രദ്ധിക്കുകയില്ല. ശുദ്ധി നമുക്കു പുറം മേനിയി... പല രാജ്യക്കാരും ശുദ്ധി അകത്തും പാലിക്കും. ന... വീട്ടിലെ മാലിന്യങ്ങൾ ആരും അറിയാതെ അന്യ... ട്ടിട്ട് നമ്മൾ മാന്യത നടിക്കും. അങ്ങനെ നമ്മുടെ ന... നമ്മൾ തന്നെ മലിനമാക്കുന്നു.

പണ്ട് നാം ഉപേക്ഷിക്കുന്ന വസ്തു... ഏതെങ്കിലും വിധത്തിൽ പുനരുപയോഗിക്കാ... പ്രകൃതിയിൽ അലിഞ്ഞു ചേരുകയോ ചെയ്തിരു... പ്രകൃതിയുടെ ജൈവ-ഭൗമ-രാസ ചക്രങ്ങൾക്കു... ഉൾക്കൊള്ളാനാവുന്ന തരത്തിലും വലിപ്പത്തി... ഉള്ളവയായിരുന്നു പഴയ ഗ്രാമ ജീവിതം പുറംത...

മാലിന്യങ്ങൾ. എന്നാൽ നഗരവൽക്കരണവും ഉപഭോഗ-സംസ്കാരവും മൂലം ഇന്ന് മാലിന്യങ്ങൾ അറുമടങ്ങ് വർദ്ധിച്ചിരിക്കുന്നു. അവ പ്രകൃതിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ഒരവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു.

മാലിന്യങ്ങളുടെ ശവപ്പറമ്പാണ് നമ്മുടെ നഗരങ്ങൾ. പുറമെ പൂന്തോട്ടങ്ങളും ജലധാരായന്ത്രങ്ങളും ഉണ്ടെങ്കിലും അതിന്റെ അകം മുഴുവൻ ദുർഗന്ധമാണ്. ഭാരതത്തിലെ നഗരങ്ങളിൽ ഓരോ വർഷവും നാല്പതു ദശലക്ഷത്തിനു മുകളിൽ പാഴ്-വസ്തുക്കളാണ് ഉല്പാദിപ്പിക്കുന്നത്. വാണിജ്യസ്ഥാപനങ്ങൾ, ഹോട്ടലുകൾ, പച്ചക്കറിക്കടകൾ, ആശുപത്രികൾ, വ്യവസായ-ശാലകൾ എന്നിവയെല്ലാം വൻതോതിൽ മാലിന്യങ്ങൾ ഉല്പാദിപ്പിക്കുന്നു.

മലയാളിയുടെ ഈ മനോഭാവത്തിനു കാരണമെന്താണ്? ബോധവൽക്കരണത്തിന്റെ കുറവാണോ വിദ്യാഭ്യാസത്തിന്റെ കുറവാണോ? അല്ല എന്നാണുത്തരം. നമ്മൾ ശീലിച്ചുവന്ന ചില ധാരണകളുണ്ട്. അതിൽ നിന്നു മാറാൻ ആരും തയ്യാറാകുന്നില്ല എന്നതാണ് സത്യം. ജീവിതവ്യഗ്രതയിൽ തന്നായ കാര്യങ്ങൾ മാത്രം നോക്കുന്ന ഇന്നത്തെ മനുഷ്യന മാലിന്യം കൂടിയാലെന്ത്? കുറഞ്ഞാലെന്ത്

ചോദ്യങ്ങൾ :—

(i) 'ദൈവത്തിന്റെ സ്വന്തം നാട്' — ഈ വാക്യത്തിൽ തെളിയുന്ന ചിത്രമെന്ത്? [2]

(ii) ശുദ്ധിയുടെ കാര്യത്തിൽ മലയാളിയുടെ യഥാർത്ഥമുഖം എന്താണ്? [2]

(iii) പണ്ട് മാലിന്യങ്ങൾ മനുഷ്യനും പ്രകൃതിക്കും ദോഷമായി ഭവിച്ചില്ല. എന്തുകൊണ്ട്? [2]

(iv) നമ്മുടെ നഗരങ്ങളുടെ ഇന്നത്തെ അവസ്ഥയെന്ത്? [2]

(v) മലയാളിയുടെ മനോഭാവത്തെ പറ്റി ലേഖകന്റെ അഭിപ്രായമെന്ത്? [2]

Question 4:-

(താഴെകൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളനുസ...
ഉത്തരമെഴുതുക)

i) ഒറ്റപ്പദം എഴുതുക

a) ഉദ്യോഗസംബന്ധമായത്

b) ചലിക്കുന്ന ചിത്രം

2) അക്ഷരത്തെറ്റു തിരുത്തുക

i) അഞ്ജകാരം    ii) ദാരിദ്രം

iii) താണ്ടവം    iv) ഹൃബ്ബം

3. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒ...
കുറിച്ച് ഒരു പഴഞ്ചൊല്ലെഴുതുക.

i) ക്ഷമ    ii) ആന

4. താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ഏ...
രണ്ടെണ്ണത്തിന് രണ്ടു പര്യായം വീതം എഴു...

i) ചിരി    ii) സ്ത്രീ    iii) ഭൂമി

5. ഏതെങ്കിലും രണ്ടു ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക

i) ഉടച്ചുവാർക്കുക

ii) മനക്കോട്ടകെട്ടുക

iii) അവതാളത്തിലാക്കുക.

## Section B

രണ്ടു പുസ്തകങ്ങളിൽ നിന്നുമായി ഏതെങ്കിലും നാലു-
ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

### 1. സാഹിത്യസുരഭി

**Question 5**

" ആ സംഭാവ്യതകളൊക്കെ ഓർക്കുമ്പോൾ അഴകന്റെ ഹൃദയം പൊട്ടിപ്പിളർന്നുപോകും."

ചോദ്യങ്ങൾ:-

i) സംഭാവ്യതകൾ എന്തെല്ലാം? [2]

ii) മാണിക്കന്റെ രൂപം വിവരിക്കുക? [2½]

iii) അവരെല്ലാം കണ്ട് അസൂയപ്പെടട്ടെ. എന്താണിവിടെ പരാമർശിക്കുന്നത്? [2½]

iv) അഴകൻ മാണിക്കനെ അടിക്കാനിടയായ സാഹചര്യമെന്ത്? [3]

**Question 6**

" ഇന്ന് അതെല്ലാം പറയണമെന്നു കരുതിയാണ് മകന്റെ മുമ്പിൽ ചെന്നത്. പക്ഷേ ആ നാവു-തളർന്നു പോയി."

ചോദ്യങ്ങൾ :-

i) വളരെ പറയുവാനുണ്ടായിരുന്നു ആ കിഴവന്. പറയാനുള്ളതെന്തെല്ലാം? [2½]

ii) ഇരുവരും അതിരുവിട്ട് അത്യുച്ചത്തിൽ സംസാരിച്ചു — എപ്പോൾ? [3½]

iii) വൃദ്ധൻ ചെറുപ്പമായിരുന്ന കാലത്ത് ചിലതൊക്കെ പറഞ്ഞിട്ടുള്ളതെന്ത്? [1½]

iv) ഭാനുമതി നാണംകൊണ്ടും കോപംകൊണ്ടും ഭയം കൊണ്ടും ഭ്രാന്തിയായി — എപ്പോൾ? [2

Question 7:-

" കൃഷ്ണൻ കുട്ടിയുടെ വാക്കുകൾ പകൽവെളിച്ചം പോലെ അവരുടെ മുന്നിൽ ജ്വലിച്ചുനിന്നു"

ചോദ്യങ്ങൾ:-

i) കൃഷ്ണൻകുട്ടിയുടെ വാക്കുകൾ എന്തെല്ലാം?

ii) ചെറുപ്പക്കാരിൽ ഒരുവൻ അമർഷത്തോടെ പറഞ്ഞതെന്തെല്ലാം?

iii) കുറുവച്ചനും കൂട്ടരും കൊണ്ടുവന്ന വാർത്തയെന്ത്? അപ്പോൾ അവരുടെ അവസ്ഥയെന്ത്?

iv) ചിരിക്കാൻ മറന്നിരുന്ന ചുണ്ടുകളിൽ പ്രത്യാശയുടെ മന്ദഹാസങ്ങൾ കത്തിനിന്നു. എപ്പോൾ?

## 2. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

Question 8

" ആ കേളുഅച്ചൻ ആരേം ബാക്കിവെക്കില്ല. എല്ലാത്തിനേം ഓൻ ജീവനോടെ കൊണ്ടോയി

ചോദ്യങ്ങൾ:-

i) കേളുഅച്ചനാര്? അയാൾ ചെയ്തിരുന്നതെന്ത്?

ii) കടപ്പുറത്തുചെന്ന് മാസ്റ്ററും പപ്പനും ചെയ്തതെന്ത്?

iii) ഓരത്തൻ? വിവരിക്കുക?

iv) കണാരി കണ്ടതെന്ത്?

Question 9

" ജീവൻ വേണംന്നുണ്ടെങ്കില് പൊയ്ക്കോ. നിന്റമ്മേയേം പെങ്ങളേയും ഞാൻ നോക്കിക്കൊള്ളാം"

ചോദ്യങ്ങൾ:-

i) ഇങ്ങനെ പറഞ്ഞതാര്? സന്ദർഭം? [3]

ii) മയ്യഴിയിലെത്തിയ വെള്ളപ്പട്ടാളം ചെയ്തതെന്ത്? [3]

iii) ഏട്ടനെക്കുറിച്ച് ഗിരിജയ്ക്കുണ്ടായിരുന്ന സ്വപ്നങ്ങളെന്തെല്ലാം? [2]

iv) അതുകണ്ട പട്ടാളക്കാർ ആഹ്ലാദഭരിതരായി. ഏത്? [2]

Question 10

" കപ്പിത്താൻ മാതാവിന്റെ പ്രതിമ വച്ചയിടത്താ നമ്മളെ ആച്ചളത്തെ പള്ളി"

ചോദ്യങ്ങൾ:-

i) മാതാവിന്റെ ഉത്പത്തികഥ വിവരിക്കുക? [3]

ii) ആ പതിവും മുടങ്ങി - പതിവെന്ത്? പതിവു മുടങ്ങിയതെന്തുകൊണ്ട്? [2]

iii) പുറത്തിറങ്ങിയ ഗസ്തോൻ സായ്വിന്റെ രൂപം വിവരിക്കുക? [2]

iv) മയ്യഴിയിലെ മാതാവിന്റെ ഘോഷയാത്ര വിവരിക്കുക. [3]